STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.71/PR/SPMC/PHQ/2026 Date:16.02.2026

# കാര്യക്ഷമത വർദ്ധിപ്പിക്കാൻ പോലീസ് സേനയ്ക്ക് 146 പുതിയ വാഹനങ്ങൾ

സംസ്ഥാന പോലീസ് സേനയുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യങ്ങളും വർധിപ്പിക്കുന്നതിനും കാലഹരണപ്പെട്ട വാഹനങ്ങൾ ഘട്ടം ഘട്ടമായി മാറ്റുന്നതിൻറെയും ഭാഗമായി വിവിധ യൂണിറ്റുകൾക്കായി വാങ്ങിയ പുതിയ വാഹനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തു എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ ഫ്ളാഗ്ഗ് ഓഫ് ചെയ്തു.

2024 വർഷത്തിലെ മികച്ച പൊലീസ് സ്റ്റേഷനുകൾക്കുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരവും ഈ ചടങ്ങിൽ നൽകി. ആലപ്പുഴ ജില്ലയിലെ മുഹമ്മ പൊലീസ് സ്റ്റേഷന് ഒന്നാം സ്ഥാനവും തൃശൂർ റൂറലിലെ കൊടുങ്ങല്ലൂർ പൊലീസ് സ്റ്റേഷന് രണ്ടാം സ്ഥാനവും കാസർഗോഡ് ജില്ലയിലെ ബേക്കൽ പൊലീസ് സ്റ്റേഷന് മൂന്നാം സ്ഥാനവുമാണ് ലഭിച്ചിരുന്നത്.

പുതുതായി വാങ്ങിയ 146 വാഹനങ്ങളാണ് സേനയുടെ ഭാഗമായത്. മഹീന്ദ്രയുടെ ബോലേറോ, സ്കോർപ്പിയോ, ഥാർ ഇനത്തിൽപ്പെട്ട വാഹനങ്ങൾ, ഫോർസിൻറെ ഗൂർഖ, ട്രാവെല്ലർ വാഹനങ്ങൾ, ഹീറോയുടെ എക്സ് പൾസ് മോട്ടോർ സൈക്കിളുകൾ തുടങ്ങി വിവിധതരം വാഹനങ്ങളാണ് ഇന്ന് ഫ്ളാഗ്ഗ് ഓഫ് ചെയ്തത്.

സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകൾ, കൺട്രോൾ റൂമുകൾ, ഹൈവേ പട്രോളിംഗ് എന്നീ വിഭാഗങ്ങളുടെ ആവശ്യത്തിനായാണ് ഇവ ഉപയോഗിക്കുക.

44 ബൊലേറോ വാഹനങ്ങൾ പോലീസ് പട്രോളിങ് ശക്തിപ്പെടുത്തുന്നതിനും ലോ ആൻഡ് ഓർഡർ സിറ്റുവേഷൻ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഉപകരിക്കും.

40 സ്കോർപ്പിയോ വാഹനങ്ങൾ ഹൈവേ പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും ഇതിലൂടെ ക്രമസമാധാന പരിപാലനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സഹായിക്കും.

ഗൂർഖ ഇനത്തിൽപ്പെട്ട 15ഉം ഥാർ വിഭാഗത്തിൽപ്പെട്ട അഞ്ചും വാഹനങ്ങൾ അതികഠിനമായ മലയോര മേഖലകളിലെ പട്രോളിംഗ് ശക്തിപ്പെടുത്തി പോലീസിംഗ് നടപ്പിലാക്കുന്നതിനും ഏത് ദുർഘടം പിടിച്ച സാഹചര്യത്തിലും ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നതിനും ഉപകരിക്കും.

24 ഹീറോ എക്സ് പൾസ് മോട്ടോർ സൈക്കിളുകൾ 24 * 7 പട്രോളിംഗ് കാര്യക്ഷമമാക്കുന്നതിനും പോലീസ് നിരീക്ഷണം വർദ്ധിപ്പിക്കുന്നതിനും 18 ഫോഴ്സ് ട്രാവലറുകളും ഇതിൽ ഉൾപെടും .

എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, എ.ഡി.ജി.പിമാരായ എസ് ശ്രീജിത്ത് (പൊലിസ് ആസ്ഥാനം), പി. വിജയൻ (ഇൻറലിജൻസ്), എച്ച് വെങ്കടേഷ് (ക്രമസമാധാനം), ദിനേന്ദ്ര കശ്യപ് (ആംഡ് ബറ്റാലിയൻ), മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ സംബന്ധിച്ചു.




HIGHWAY POLICE
HIGHWAY POLICE
POLICE
KL01DH8703




POLICE